## പത്രക്കുറിപ്പ്

# കഞ്ചാവ് മൊത്ത വിൽപന: എട്ട് കിലോയുമായി രണ്ട് സ്ത്രീകൾ പിടിയിൽ

## കോവിഡ്-19

## വിലക്ക് ലംഘനം: 51 പേർക്കെതിരെ നിയമനടപടി 15,500/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- നഗരത്തിലെ ചെറുകിട കച്ചവടക്കാർക്ക് കഞ്ചാവ് മൊത്ത വിൽപന നടത്തി വന്ന രണ്ട് സ്ത്രീകളെ എട്ട് കിലോ കഞ്ചാവുമായി പോലീസ് പിടികൂടിയതായി ഐ.ജി.പി.-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വട്ടവത്ത് മുട്ടത്തറ ശാന്തി നിവാസിൽ ശാന്തി (49), ചേർത്തല അർത്തുങ്കൽ ഹൗസിംഗ് കോളനിയിൽ ആനി (48) എന്നിവരെയാണ് ഡിസ്റ്റ്റിക്ക് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് (ഡാൻസാഫ്) ടീമിന്റെ സഹായത്തോടെ പൂന്തുറ പോലീസ് അറസ്റ്റ് ചെയ്തത്.



പൂന്തുറ പോലീസ് അറസ്റ്റ് ചെയ്ത ശാന്തി (49) ആനി (48)

ഇതിൽ ശാന്തി നിരവധി കഞ്ചാവ് കേസു_ കളിൽ പ്രതിയും ജയിൽ ശിക്ഷ അനുഭവിച്ചിട്ടുള്ള ആളുമാണ്. സിറ്റി പോലീസിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇവരെ ഗുണ്ടാ നിയമപ്രകാരം (കാപ്പാ) അടുത്തകാലത്ത്

കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുള്ളതുമായിരുന്നു. തടങ്കലിൽ നിന്നും പുറത്തിറങ്ങിയതിനു ശേഷം ആനിയെ സഹായിയായി വച്ചുകൊണ്ടാണ് കഞ്ചാവ് വിൽപന നടത്തി വന്നത്. ഇത് സംബന്ധിച്ച് നാർക്കോട്ടിക് സെൽ അസിസ്റ്റൻറ് കമ്മീഷണർ ഷീൻ തറയിലിനു ലഭിച്ച രഹസ്യ വിവരത്തെ അടിസ്ഥാനത്തിൽ ഡാൻസാഫ് ടീം ഇവരെ നിരന്തരമായി നിരീക്ഷിച്ചു വരികയായിരുന്നു. തുടർന്ന് ഡാൻസാഫ് ടീമും പൂന്തുറ പോലീസും സംയുക്തമായി നടത്തിയ റെയ്ഡിൽ ശാന്തിയുടെ വീട്ടിലെ അടുക്കളയിലെ സ്ലാബിന്റെ അടിയിലുള്ള രഹസ്യ അറയിൽ നിന്നാണ് 8 കിലോയോളം തൂക്കം വരുന്ന കഞ്ചാവ് പിടിച്ചെടുത്തത്. തമിഴ്നാട്ടിലെ കമ്പം, തേനി എന്നിവിടങ്ങളിൽ നിന്ന് ഏജന്റുമാർ മുഖേനയാണ് ഇവർ കഞ്ചാവ് വാങ്ങുന്നത് . ഇവർക്ക് കഞ്ചാവ് എത്തിച്ചു നൽകുന്നവരെ പിടികൂടുവാൻ അന്വേഷണം ഊർജിതമായി തുടരുമെന്ന് ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ഡോ. ദിവ്യ വി. ഗോപിനാഥ് അറിയിച്ചു. പൂന്തറ എസ് എച്ച് ഓ സജികുമാർ, എസ് ഐ വിഷ്ണു, ഡാൻസാഫ് ടീം അംഗങ്ങളായ എസ് ഐ ഗോപകുമാർ, എ എസ് ഐ ബാബു, എസ് സി പി ഓ മാരായ സജികുമാർ, വിനോദ്, അരുൺ, രഞ്ജിത്ത്, ഷിബു, നാജിബഷീർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (14-01-2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 51 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക്

ലംഘനം നടത്തിയ 18 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 31 പേരിൽ നിന്നും 15,500/- രൂപ പിഴ ഈടാക്കി. കൂടാതെ, കോവിഡ് സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 2 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
14-01-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി